**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4276** **28-10-2021 - ൽ മറുപടിയ്ക്ക്**

**കശുവണ്ടി തൊഴിലാളികൾക്ക് വർഷം മുഴുവൻ തൊഴിൽ ഉറപ്പാക്കുന്ന നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എം രാജഗോപാലൻ | | **Shri. P. Rajeeve**<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | കശുവണ്ടി തൊഴിലാളികൾക്ക് വർഷം മുഴുവൻ തൊഴിൽ ഉറപ്പുവരുത്തുന്നതിന് വൈവിധ്യവൽക്കരണത്തിലൂടെ ഉല്പാദിപ്പിക്കുന്ന ഉല്പന്നങ്ങൾ മലബാർ മേഖലയിൽ ഉൾപ്പെടെ വിപണനം ചെയ്യാൻ നടപടി സ്വീകരിക്കുമോ എന്ന് അറിയിക്കുമോ; | (എ) | കശുവണ്ടി പരിപ്പിന് പുറമേ വൈവിധ്യ വൽക്കരണത്തിലൂടെ കശുവണ്ടി വികസന കോർപ്പറേഷൻ ഉൽപാദിപ്പിക്കുന്ന കശുവണ്ടി പരിപ്പിൽ നിന്നുള്ള മൂല്യ വർദ്ധിത ഉൽപ്പന്നങ്ങളായ കാഷ്യു വിറ്റ, കാഷ്യൂ സൂപ്പ്, കാഷ്യൂ പൗഡർ, കാഷ്യൂ ബിറ്റ്സ്, ചോക്ലേറ്റ് ഉൽപന്നങ്ങളായ ചോക്കോ കാജു, മിൽക്കി കാജു എന്നിവയും കശുമാങ്ങയിൽ നിന്നുള്ള മൂല്യവർദ്ധിത ഉൽപന്നങ്ങളായ കാഷ്യൂ സോഡ, കാഷ്യൂ പൈൻ ജാം, കാഷ്യൂ ആപ്പിൾ ജ്യൂസ് എന്നിവയും ഉൽപാദിപ്പിച്ച് സി.ഡി.സി കാഷ്യൂസ് എന്ന ബ്രാന്റ് നെയ്മിൽ വിപണിയിൽ ഇറക്കിയിട്ടുണ്ട്. ഈ ഉല്പന്നങ്ങൾ മലബാർ മേഖലയിൽ ഉൾപ്പെടെ വിപണനം ചെയ്യുന്നുണ്ട്. കാപ്പക്സിൽ ഉൽപാദിപ്പിക്കുന്ന കശുവണ്ടി പരിപ്പിന്റെ ഉൽപ്പന്നങ്ങൾ കാപ്പെക്സിന്റെ ഔട്ട്ലെറ്റുകൾ, വിവിധ ഫ്രാഞ്ചൈസികൾ, സർക്കാർ ഔട്ട്ലെറ്റ്, പോലീസ് കാന്റീനുകൾ മുതലായവ വഴി സംസ്ഥാനത്തുടനീളം വിറ്റു വരുന്നു. മലബാർ മേഖലയിലും മേൽ ഔട്ട്ലെറ്റുകൾ വഴി കാപ്പക്സിന്റെ കശുവണ്ടി പരിപ്പുകൾ വിറ്റു വരുന്നുണ്ട്. |
| (ബി) | കശുവണ്ടി മേഖലയിൽ ജോലി ചെയ്യുന്ന തൊഴിലാളികൾക്ക് മിനിമം കൂലി ഉറപ്പുവരുത്തിയിട്ടുണ്ടോ; വ്യക്തമാക്കാമോ? | (ബി) | ഉറപ്പു വരുത്തിയിട്ടുണ്ട്. 21/02/2015 തീയതിയിലെ GO(P)No.21/2015/LBR ഉത്തരവ് പ്രകാരം സംസ്ഥാനത്തെ കശുവണ്ടി മേഖലയിലെ തൊഴിലാളികളുടെ മിനിമം കൂലി പുതുക്കി നിശ്ചയിച്ചിട്ടുണ്ട്. ടി മിനിമം വേതനം ബന്ധപ്പെട്ട റീജിയണൽ ജോയിന്റ് ലേബർ കമ്മീഷണറുടെ/ ജില്ലാ ലേബർ ഓഫീസറുടെ നേതൃത്വത്തിൽ സ്ക്വാഡ് പരിശോധന നടത്തിയാണ് ഉറപ്പു വരുത്തുന്നത്. പ്രസ്തുത പരിശോധനയിൽ കണ്ടെത്തുന്ന നിയമലംഘനങ്ങൾക്ക് നോട്ടീസ് നൽകി തുടർ നടപടികൾ സ്വീകരിക്കുകയും മിനിമം വേതനം നൽകാത്ത കേസുകളിൽ ഡെപ്യൂട്ടി ലേബർ |

| | | | |
|---|---|---|---|
| | | | കമ്മീഷണർ മുമ്പാകെ ക്ലെയിം പെറ്റീഷൻ ഫയൽ ചെയ്ത് നടപടി സ്വീകരിക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ